(ബി) പടിപടിയായി നെൽക്കൃഷിമേഖലയിലെ എല്ലാ പ്രവർത്തനങ്ങളിലും യന്ത്രവൽക്കരണം നടത്താൻ കഴിയും. ഇപ്പോൾ തന്നെ കൊയ്ത്ത്, മെതി, പാറ്റ് എന്നീ പ്രക്രിയകൾ ഒരുമിച്ച് ചെയ്ത് നെല്ലുതരുന്ന കൊയ്ത്തുമെതിയന്ത്രം നെൽക്കൃഷിമേഖലകളിൽ ഉപയോഗിക്കുന്നുണ്ട്.

(സി) ഡോ. വി. ഗംഗാധരൻ ചെയർമാനായി ഒരു വിദഗ്ദ്ധസമിതിയെ നെൽക്കൃഷിയെക്കുറിച്ച് പഠിക്കാൻ ഗവൺമെന്റ് നിയോഗിച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

17 (*273) കൊപ്രയുടെ താങ്ങുവില

ശ്രീ. സി.പി. ബാലൻ വൈദ്യൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. നാരായണൻ കുഴൽമന്ദം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊപ്രയുടെ താങ്ങുവില ഇപ്പോൾ എത്ര രൂപയായിട്ടാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(ബി) കൊപ്രയുടെ താങ്ങുവിലയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ എത്രരൂപയാണ് വർദ്ധിപ്പിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൊപ്രയുടേയും ഉണ്ടകൊപ്രയുടേയും വില എത്രയായി വർദ്ധിപ്പിക്കണമെന്നായിരുന്നു സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള താങ്ങുവില ആശാസകരമെന്നു കരുതുന്നുണ്ടോ;

(എഫ്) താങ്ങുവില പ്രഖ്യാപിക്കാൻ കാലതാമസം ഉണ്ടായതായി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ;

(ജി) എങ്കിൽ കൊപ്രയുടെ താങ്ങുവില യഥാസമയം നിശ്ചയിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(എച്ച്) കൊപ്രയുടേയും വെളിച്ചെണ്ണയുടേയും ഇറക്കുമതി സംസ്ഥാനത്തെ കേര കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ കൊപ്രയുടേയും വെളിച്ചെണ്ണയുടേയും ഇറക്കുമതിയിൽ നിയന്ത്രണം വരുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ജെ) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ക്വിന്റലിന് മില്ലിംഗ് കൊപ്രയ്ക്ക് 3100 രൂപയും ഉണ്ട കൊപ്രയ്ക്ക് 3325 രൂപയുമാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1998- സീസണെ അപേക്ഷിച്ച് '99 സീസണിൽ കിന്റലിന് 200 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) കൊപ്രയ്ക്ക് കിന്റലിന് 400 രൂപയും ഉണ്ടകൊപ്രയ്ക്ക് 4170 രൂപയും താങ്ങുവില പ്രഖ്യാപിക്കണമെന്നായിരുന്നു സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നത്.

(ഇ) ഇപ്പോൾ പ്രഖ്യാപിച്ച താങ്ങുവില അപര്യാപ്തമാണ്.

(എഫ്)ഉണ്ട്.

(ജി) ഡിസംബറിൽ തന്നെ താങ്ങുവില പ്രഖ്യാപിക്കണമെന്ന് നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു.

(എച്ച്)&(ഐ) കൊപ്രയുടേയും വെളിച്ചെണ്ണയുടേയും മാത്രമല്ല പാംഓയിൽ തുടങ്ങിയ ഭക്ഷ്യ എണ്ണകളുടേയും ഇറക്കുമതി നിരോധിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

(ജെ) ഇന്ത്യാ-ശ്രീലങ്കാ സ്വതന്ത്ര വ്യാപാര കരാർ പ്രകാരം കൊപ്രയും വെളിച്ചെണ്ണയും സ്വതന്ത്രമായി ഇറക്കുമതി ചെയ്യരുതെന്ന് ആവശ്യപ്പെട്ടതിന്റെ ഫലമായി അവയെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപനമുണ്ടായിരുന്നു.

18 (*274) കൃഷിക്കാർക്ക് പെൻഷൻ പദ്ധതിയും ക്ഷേമനിധിയും

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എളമരം കരീം :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൃഷിക്കാർക്ക് പെൻഷൻ പദ്ധതി ക്ഷേമനിധിയും ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ പെൻഷൻ പദ്ധതിയും ക്ഷേമനിധിയും ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വെളിച്ചത്തിൽ കൃഷിക്കാർക്കുള്ള പെൻഷനും ക്ഷേമനിധിയും എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)-(ഡി) കർഷകരുടെ ക്ഷേമം മുൻനിർത്തിയുള്ള ഒരു ബൃഹത്തായ പെൻഷൻ പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

19 (*275) വ്യാജവാറ്റു തടയാൻ നടപടി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly